സി1

"ഭരണഭാഷ - മാതൃഭാഷ"

# കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്

(1956-ലെ ഇന്ത്യൻ കമ്പനീസ് ആക്ട് പ്രകാരം രൂപീകൃതം)

രജി. ഓഫീസ് : വൈദ്യുതി ഭവനം, പട്ടം, തിരുവനന്തപുരം - 695 004, കേരള

CIN :U40100KL2011SGC027424

വെബ് സൈറ്റ് : www.kseb.in

ടെലഫോൺ നമ്പർ: +91 471 2514456, 2514575, 2514504

ഫാക്സ് : 0471 2554039 ഇ-മെയിൽ: secretary@ksebnet.com

## സംഗ്രഹം

ദേശീയ പെൻഷൻ പദ്ധതിയുമായി ബന്ധപ്പെട്ട് കേരള സർക്കാർ പുറപ്പെടുവിച്ച ഉത്തരവ് – കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽ നടപ്പാക്കിക്കൊണ്ട് പുറപ്പെടുവിക്കുന്ന ഉത്തരവ്.

## കോർപ്പറേറ്റ് ഓഫീസ് (ഭരണം)

ബി.ഒ.ഡി.(ബി) നമ്പർ.2082/2017 (എസ്റ്റാ.V)3360/2017). തിരുവനന്തപുരം, തീയതി. .11.08.2017.

പരാമർശം:-
(1) 31.08.2016 തീയതിയായുള്ള സർക്കാർ ഉത്തരവ് സ.ഉ.(അച്ചടി) നം.126/2016/ധന
(2) 19.07.2017 തീയതിയായ ചെയർമാൻ & മാനേജിംഗ് ഡയറക്ടറുടെ കുറിപ്പ് നമ്പർ. എസ്റ്റാ.V/3360/2017.
(3) ഡയറക്ടർ ബോർഡിൻെറ 27.07.2017 തീയതിയിലെ നടപടിക്രമം (അജൻഡ ക്രമനമ്പർ 34.03-07/2017)

## ഉത്തരവ്

ദേശീയ പെൻഷൻ പദ്ധതിയിൽ അംഗമായിരിക്കെ മരണമടയുന്ന ജീവനക്കാരുടെ ആശ്രിതർക്ക് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം തൊഴിൽ ലഭിക്കുന്നതുവരെ ആശ്വാസ ധനസഹായം അനുവദിക്കുന്നത് സംബന്ധിച്ച് കേരള സർക്കാരിൻെറ ധനകാര്യ (പെൻഷൻ-എ) വകുപ്പ് പുറപ്പെടുവിച്ച 31.08.2016-ലെ സ. ഉ. (അച്ചടി) നം.126/2016/ധന നമ്പർ ഉത്തരവ് കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽ നടപ്പിലാക്കുന്നതിന് അംഗീകാരം നൽകി ഉത്തരവാകുന്നു. (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു).

ഡയറക്ടർ ബോർഡ് ഉത്തരവ് പ്രകാരം,
ഒപ്പ്/-
**പി.ജി. ഉണ്ണികൃഷ്ണൻ ,**
**സെക്രട്ടറി (ഭരണം).**

സ്വീകർത്താവ്:-
എല്ലാ ചീഫ് എഞ്ചിനീയർമാരും.
എല്ലാ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർമാരും.

പകർപ്പ്:-
(1) ഫിനാൻഷ്യൽ അഡ്വൈസർ/ചീഫ് ഇൻേറണൽ ആഡിറ്റർ.
(2) ചീഫ് എഞ്ചിനീയർ (ഐ.ടി).
(3) ചെയർമാൻ & മാനേജിംഗ് ഡയറക്ടർ/ഡയറക്ടർ (ഡിസ്ട്രിബ്യൂഷൻ.& ഐ.റ്റി.)/ ഡയറക്ടർ (ട്രാൻസ്മിഷൻ & സിസ്റ്റം ഓപ്പറേഷൻ)/ ഡയറക്ടർ (ജനറേഷൻ - സിവിൽ & എച്ച്.ആർ.എം.)/ഡയറക്ടർ (കോർപ്പറേറ്റ് പ്ലാനിംഗ്, ജനറേഷൻ ഇലക്ട്രിക്കൽ, എസ്.സി.എം. & സേഫ്റ്റി) എന്നിവരുടെ ടെക്നിക്കൽ അസിസ്റ്റന്റുമാർ.
(4) ഡയറക്ടർ (ഫിനാൻസ്) - ഉടെ പേഴ്സണൽ അസിസ്റ്റന്റ്.
(5) കമ്പനി സെക്രട്ടറി – ഇൻ-ചാർജ്ജ്.
(6) ചീഫ് വിജിലൻസ് ഓഫീസർ/ സെക്രട്ടറി - ഉടെ സീനിയർ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്.
(7) ഫെയർ കോപ്പി സൂപ്രണ്ട്/സ്റ്റോക്ക് ഫയൽ.

**ആജ്ഞാനുസരണം**

**സീനിയർ സൂപ്രണ്ട്.**

# കേരള സർക്കാർ

## സംഗ്രഹം

ദേശീയ പെൻഷൻ പദ്ധതിയിൽ അംഗമായിരിക്കെ മരണമടയുന്ന ജീവനക്കാരുടെ ആശ്രിതർക്ക് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം തൊഴിൽ ലഭിക്കുന്നതു വരെ ആശ്വാസ ധനസഹായം അനുവദിക്കുന്നത് സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## ധനകാര്യ (പെൻഷൻ-എ) വകുപ്പ്

സ.ഉ.(അച്ചടി) നമ്പർ.126/2016/ധന. തിരുവനന്തപുരം, തീയതി. 31.08.2016.

---

പരാമർശം:- സ.ഉ (പി) നമ്പർ.20/2013/ധന തീയതി 07.01.2013.

## ഉത്തരവ്

പരാമർശ ഉത്തരവ് പ്രകാരം 01.04.2013 – ന് ശേഷം സർക്കാർ സർവ്വീസിൽ പ്രവേശിക്കുന്ന കെ.എസ്.ആർ ഭാഗം – III പ്രകാരം പെൻഷൻ ആനുകൂല്യങ്ങൾ ലഭിക്കുമായിരുന്ന ജീവനക്കാർക്ക് നാഷണൽ പെൻഷൻ പദ്ധതി ബാധകമാക്കി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. ആയത് പ്രകാരം ടി വിഭാഗം ജീവനക്കാർ സർവ്വീസിലിരിക്കെ മരണമടയുന്ന പക്ഷം ആശ്രിതർക്ക് കെ.എസ്.ആർ പ്രകാരമുള്ള കുടുംബ പെൻഷനു അർഹതയില്ല. എന്നാൽ ഇത്തരത്തിൽ മരണപ്പെടുന്ന ജീവനക്കാരുടെ ആശ്രിതർക്ക് എതെങ്കിലും തരത്തിലുള്ള സാമ്പത്തിക ആനുകൂല്യങ്ങൾ അനുവദിക്കണമെന്നാവശ്യപ്പെട്ട് ധാരാളം നിവേദനങ്ങൾ സർക്കാരിൽ ലഭിക്കുകയുണ്ടായി. സർക്കാർ ഈ വിഷയം വിശദമായി പരിശോധിക്കുകയും ദേശീയ പെൻഷൻ പദ്ധതിയിൽ അംഗമായിരിക്കുകയും സർവ്വീസിലിരിക്കെ മരണമടയുകയും ചെയ്യുന്ന ജീവനക്കാരൻ അവസാനം വാങ്ങിയ അടിസ്ഥാന ശമ്പളത്തിന്റെ 30% ത്തിനു തുല്യമായ തുക ആശ്വാസ ധനസഹായമായി താഴെപ്പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. ഈ ആനുകൂല്യം മരണമടയുന്ന ജീവനക്കാരുടെ ആശ്രിതർക്ക് PFRDA കുടുംബ പെൻഷൻ പദ്ധതി നടപ്പിലാക്കുന്നതു വരെ മാത്രമായിരിക്കും.
2. നിലവിലുള്ള സമാശ്വാസ തൊഴിൽദാന പദ്ധതിയുടെ വ്യവസ്ഥകൾ പ്രകാരം അപേക്ഷ സമർപ്പിക്കുന്നവരുടെ കാര്യത്തിൽ ഈ ആനുകൂല്യം അവകാശികൾക്ക് തൊഴിൽ ലഭിക്കുന്നതു വരെയും, സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം തൊഴിൽ ലഭിയ്ക്കുന്നതിനുള്ള അപേക്ഷ സമർപ്പിക്കാത്തവരുടെ കാര്യത്തിൽ ഈ ആനുകൂല്യം ആശ്രിത നിയമനത്തിനുള്ള അപേക്ഷ സമർപ്പിക്കേണ്ട നിർദ്ദിഷ്ട സമയപരിധി വരെയും മാത്രമേ ലഭ്യമാവുകയുള്ളൂ.
3. ഇതിന് 01.04.2013 മുതൽ മുൻകാല പ്രാബല്യം ഉണ്ടായിരിക്കും.
4. ഈ ആനുകൂല്യം താഴെ പറയുന്ന അവകാശികൾക്ക് മാത്രമായി മുൻഗണനാക്രമത്തിൽ അനുവദിക്കുന്നതാണ്.
   (a) ഭാര്യ/ഭർത്താവിന്
   (b) 25 വയസ്സിന് താഴെയുള്ള മകൻ/മകൾക്ക്. (വിവാഹിതരാകുന്നത് വരെയോ തൊഴിൽ ലഭിക്കുന്നത് വരെയോ ഏതാണോ ആദ്യം അത് വരെ നിയമപ്രകാരം ദത്തെടുത്തവർ ഉൾപ്പെടെ, വയസ്സിന്റെ മുൻഗണനാക്രമത്തിൽ)
   (c) മരണമടയുന്ന ജീവനക്കാരൻ അവിവാഹിതൻ/അവിവാഹിതയാണെങ്കിൽ ഈ ആനുകൂല്യം മാതാപിതാക്കൾക്ക് (കെ.എസ്.ആർ ഭാഗം III ചട്ടം 90 (6 എ) ൽ നിഷ്കർഷിച്ചിരിക്കുന്ന വ്യവസ്ഥകൾക്ക് അനുസൃതമായി ജീവിതാവസാനം വരെ) നൽകുന്നതാണ്.

ഇതു സംബന്ധിച്ച് വിശദമായ മാർഗ്ഗ നിർദ്ദേശങ്ങൾ പ്രത്യേകമായി പുറപ്പെടുവിക്കുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
ഒപ്പ്/-
**ഡോ. കെ.എം. എബ്രഹാം ,**
**അഡീഷണൽ ചീഫ് സെക്രട്ടറി (ധനകാര്യം)**

പകർപ്പ്:-

** **

സെക്രട്ടറി, കെ.എസ്.ഇ.ബി ലിമിറ്റഡ്, തിരുവനന്തപുരം.

** **

**ഉത്തരവിൻ പ്രകാരം**
**ഒപ്പ്/-**
**സെക്ഷൻ ഓഫീസർ.**